# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം : 6208

31-10-2011-ൽ മറുപടിക്ക്

## "ടേംസ് ആൻഡ് കണ്ടീഷൻസ് ഓഫ് സപ്ലൈ" കോഡിൽ ഭേദഗതി

**ചോദ്യം**

ശ്രീ. കെ. രാജു

(എ) കെ.എസ്.ഇ. ബി. യുടെ 'ടേംസ് ആൻഡ് കണ്ടീഷൻ ഓഫ് സപ്ലൈ' കോഡിലെ 26-ാം വകുപ്പ് പ്രകാരം അംഗീകരിക്കപ്പെട്ട പ്ലഗ് പോയിന്റിൽ ഗാർഹിക ഉപകരണം കുത്തി ഉപയോഗിക്കുന്നത് 'അനധികൃതം' എന്ന് കാണിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**ഉത്തരം**

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പു മന്ത്രി)

(എ) കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ചിട്ടുള്ള കെ.എസ്. ഇ.ബി. ടേംസ് ആൻഡ് കണ്ടീഷൻസ് ഓഫ് സപ്ലൈ 2005 വകുപ്പ് 26-ൽ പ്രതിപാദിച്ചിരിക്കുന്നത് ഇപ്രകാരമാണ്. "വൈദ്യുതി വിതരണം ആരംഭിച്ചതിനുശേഷം ഏതെങ്കിലും സമയത്ത് തന്റെ പരിസരത്തിലുള്ള ലൈറ്റുകൾ, ഫാനുകൾ, മോട്ടോറുകൾ തുടങ്ങിയവയുടെ എണ്ണമോ, വോൾട്ടേജോ, ശേഷിയോ, താല്ക്കാലികമായോ സ്ഥിരമായോ വർദ്ധിപ്പിക്കുന്നതിനോ അഥവാ അതിനുള്ള തന്റെ വയറിംഗിന്റെ സ്ഥാനം ഏതെങ്കിലും വിധത്തിൽ മാറ്റുന്നതിനോ ഉപഭോക്താവ് ആഗ്രഹിക്കുന്ന പക്ഷം, അതിനുള്ള അപേക്ഷ ഉപഭോക്താവ് രേഖാമൂലം ബോർഡിന് നല്കേണ്ടതും, ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ വൈദ്യുതി കണക്ഷൻ സംബന്ധിച്ച മാറ്റങ്ങൾ വരുത്താനുദ്ദേശിക്കുന്ന സ്ഥലം സന്ദർശിച്ച് അപേക്ഷയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ പരിശോധിക്കുകയും ആവശ്യമെന്നു കണ്ടാൽ മീറ്ററുകളും ഫ്യൂസുകളും മറ്റും മാറ്റുകയും സർവ്വീസ് ലൈനിന് മാറ്റം വരുത്തുകയും ചെയ്യേണ്ടതാണ്. ഈ ആവശ്യത്തിലേയ്ക്കായി സിംഗിൾ ഫേസ് സർവ്വീസ് ലൈനിനെ ത്രീഫേസ് ആയി പരിവർത്തനപ്പെടുത്തുകയോ വർദ്ധിപ്പിച്ച പരമാവധി ആവശ്യത്തെ നിറവേറ്റുവാൻ വേണ്ടി ചാലകത്തിന്റെ സൈസിൽ മാറ്റം വരുത്തുകയോ ചെയ്യേണ്ടത് ആവശ്യമായി വരുന്നപക്ഷം, ആ പണി, ഉപഭോക്താവിന്റെ ചെലവിൽ നിക്ഷേപപ്പണി അടിസ്ഥാനത്തിൽ ചെയ്യേണ്ടതാണ്. ഉപഭോക്താവ് വിപുലനത്തിനോ മാറ്റം വരുത്തലിനോ വേണ്ടിയുള്ള തന്റെ അപേക്ഷയോടൊപ്പം, ലൈസൻസ് ഉള്ള ഒരു വയറിംഗ് കോൺട്രാക്ടറുടെ ഒപ്പോടുകൂടിയ ഒരു ടെസ്റ്റ്

റിപ്പോർട്ടും ഹാജരാക്കേണ്ടതാണ്. ഉപഭോക്താവ് ടെസ്റ്റിംഗ് ഫീസ് അടയ്ക്കേണ്ടതാണ്. അപ്രകാരമുള്ള അറിയിപ്പ് നല്കുന്നതിൽ വീഴ്ച വരുത്തുന്നത് വിതരണ ശൃംഖലയിൽ ഭംഗം വരുത്തുവാൻ ഇടയാക്കിയേക്കാവുന്നതും വിതരണം, നടപടിക്രമങ്ങളൊന്നും കൂടാതെ തന്നെ വിഘടിപ്പിക്കുന്നതിന് വിധേയമാക്കുന്നതുമാണ്. മാറ്റം വരുത്തലുകളോ കൂട്ടിച്ചേർക്കലുകളോ അറ്റകുറ്റപ്പണികളോ നടത്തികൊണ്ടിരിക്കുന്ന സമയത്ത്, മാറ്റം വരുത്തലിനോ കൂട്ടിച്ചേർക്കലിനോ അറ്റകുറ്റപണികൾക്കോ വിധേയമാക്കുന്ന സർക്യൂട്ടിലേയ്ക്കുള്ള വിതരണം പൂർണ്ണമായും വിച്ഛേദിക്കേണ്ടതും മാറ്റം വരുത്തലോ കൂട്ടിച്ചേർക്കലോ അറ്റകുറ്റപ്പണികളോ ബോർഡ് പരീക്ഷിച്ചു നോക്കുകയും പാസാക്കുകയും ചെയ്യുന്നതു വരെ വിച്ഛേദിക്കപ്പെട്ട നിലയിൽ തുടരേണ്ടതുമാണ്. അനധികൃതമായ മാറ്റം വരുത്തലുകളോ കൂട്ടിച്ചേർക്കലുകളോ അറ്റകുറ്റപ്പണികളോ മൂലം ബോർഡിന്റെ വിതരണ ശൃംഖലയ്ക്ക് എന്തെങ്കിലും നാശനഷ്ടം ഉണ്ടാകുന്ന സംഗതിയിൽ, അപ്രകാരമുള്ള നാശനഷ്ടങ്ങളുടെ ഫലമായി ബോർഡിനുണ്ടാകുന്ന എല്ലാ ചെലവുകളും ഉപഭോക്താവ് നല്കേണ്ടതായി വരുന്നതാണ്.

ഉപഭോക്താവ് വൈദ്യുതി കണക്ഷൻ എടുക്കുന്നതിനുവേണ്ടി സമർപ്പിക്കുന്ന കംപ്ലീഷൻ റിപ്പോർട്ട് അനുസരിച്ചുള്ള ഉപകരണങ്ങൾ അല്ലാതെ കൂട്ടിച്ചേർക്കലുകളോ കുറവുവരുത്തലുകളോ നടത്തുന്നതിന് മുൻകൂട്ടി അനുമതി വാങ്ങേണ്ടതാണ്. ഇപ്രകാരം അനുമതി വാങ്ങാതെ നടത്തുന്ന ഭേദഗതികൾ അനധികൃതമായി കണക്കാക്കുന്നു.

| | | | |
|---|---|---|---|
| (ബി) | ഈ അന്യായ വ്യവസ്ഥ കാരണം ഉപഭോക്താക്കൾ പീഡിപ്പിക്കപ്പെടുന്നതായ പരാതികൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; | (ബി) | ലഭിച്ചിട്ടില്ല. |
| (സി) | ഇതു സംബന്ധിച്ച ചട്ടങ്ങളിൽ ഗാർഹിക ഉപഭോക്താക്കളെ ഒഴിവാക്കി ഭേദഗതി വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | നിലവിലുള്ള വ്യവസ്ഥകൾ അനുസരിച്ച് ഈ ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിന് സാധിക്കുന്നതല്ല. |

സെക്ഷൻ ഓഫീസർ